"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- അറവുശാല നിർമ്മാണം - 4 പഞ്ചായത്തുകൾക്ക് തുക അനുവദിക്കുന്നത്-അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.707/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/03/2019

പരാമർശം:- 1 സ.ഉ (സാധാ) നം. 9598/2018/ധന തീയതി. 22.11.2018

2 പഞ്ചായത്ത് ഡയറക്ടറുടെ 29.12.2018, 07.02.2019,14.03.2019 എന്നീ തീയതികളിലെ PAN/26221/2018-J5 (DP)നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ഗ്രാമ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന അറവുശാല നിർമ്മാണ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനായി അഡീഷണൽ ആതറൈസേഷനിലൂടെ പരാമർശം1 ലെ ഉത്തരവ് പ്രകാരം അനുവദിച്ച 350ലക്ഷം രൂപയിൽ നിന്നും അറവുശാല നിർമ്മാണം നടത്തിവരുന്ന പഞ്ചായത്തുകൾക്ക് ധനസഹായം നൽകുന്നതിനായി ഭരണാനുമതി നൽകണമെന്ന് പരാമർശം 2ലെ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തുകളിൽ അറവുശാല നിർമ്മാണ പദ്ധതികൾക്ക് ധനസഹായം നൽകുന്നതിന് പരാമർശം 1ലെ ഉത്തരവ് പ്രകാരം അനുവദിച്ച 350 ലക്ഷം രൂപയിൽ നിന്നും, നിലവിൽ അറവുശാല നിർമ്മാണ പ്രവൃത്തി നടത്തി വരുന്ന കാലടി,കുമിളി , ഉപ്പുതറ, വെള്ളാങ്കല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് അറവുശാല നിർമ്മാണത്തിന് ആകെ 1,67,39,994/- (ഒരു കോടി അറുപത്തിയേഴ് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി നാല് രൂപ മാത്രം) താഴെപ്പറയും പ്രകാരം ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇത് സംബന്ധിച്ച നിലവിലുള്ള ചട്ടങ്ങളും നിബന്ധനകളും പാലിക്കേണ്ടതാണ് .

1. കാലടി ഗ്രാമ പഞ്ചായത്ത് - 47,39,994/-രൂപ
2. കുമിളി ഗ്രാമ പഞ്ചായത്ത് - 40,00,000/- രൂപ
3. ഉപ്പുതറ ഗ്രാമ പഞ്ചായത്ത് - 60,00,000/- രൂപ
4. വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്ത് - 20,00,000/-രൂപ

ആകെ -1,67,39,994/-രൂപ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ,തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), തിരുവനന്തപുരം
ധനകാര്യ വകുപ്പ് (30.11.2018ലെ 620542/Dev-2/176/2017-Fin നം. അനൗദ്യോഗിക കുറിപ്പ് പ്രകാരം)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്